**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - രവീന്ദ്രൻ മാസ്റ്റർ സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള ചുമതല ശ്രീ.രാജീവ് അഞ്ചലിനെ ഏൽപ്പിക്കുന്നതിന് കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.272/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം.01.02.2020

പരാമർശം: 1) 25.05.2009 ൽ നടന്ന വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ ഇനം 2.50 നമ്പർ തീരുമാനം.

2) തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പിന്റെ 11.06.2009 ലെ 33180/ഡിഎ 2/2009/തസ്വഭവ നമ്പർ കത്ത്.

3) കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.10.2018 ലെ കത്ത്.

4) 26.09.2019 ൽ നടന്ന വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ ഇനം 2.4 (4.9) നമ്പർ തീരുമാനം.

**ഉത്തരവ്**

അതുല്യ സംഗീത പ്രതിഭ രവീന്ദ്രൻ മാസ്റ്ററുടെ ജന്മനാടായ കുളത്തൂപ്പുഴയിൽ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി നിർമ്മാണം ആരംഭിച്ച രാഗസരോവരം എന്ന സ്മാരകമന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇടയ്ക്കുവച്ച് നിലച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ശില്പിയായി പരാമർശം (1) & (2) പ്രകാരം ശ്രീ.രാജീവ് അഞ്ചലിനെ ചുമതലപ്പെടുത്താൻ അനുമതി നൽകിയിരുന്നു. നിർമ്മാണ ജോലികൾ 2009-10 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുകയും 40% ത്തോളം പ്രവർത്തനം പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതായി കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പുനരാരംഭിക്കാൻ തീരുമാനിച്ചതായും തുടർന്നും ഈ പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കാമെന്ന് ശ്രീ. രാജീവ് അഞ്ചൽ ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിച്ചതായും പരാമർശം (3) പ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

2) പ്രവൃത്തിയുടെ പ്രത്യേക സ്വഭാവവും ശില്പവൈദഗ്ധ്യവും പരിഗണിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള ചുമതല പരാമർശം(4) പ്രകാരം ശ്രീ. രാജീവ് അഞ്ചലിനെ ഏൽപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ രവീന്ദ്രൻ മാസ്റ്റർ സ്മാരക മന്ദിരമായ രാഗസരോവരത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ചുമതല ശ്രീ.രാജീവ് അഞ്ചലിനെ ഏൽപ്പിക്കുവാൻ പരാമർശം(4) തീരുമാനപ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ചട്ടപ്രകാരം നടക്കുന്നുവെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സബിത എസ്.ഡി**
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ്, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം .
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ജില്ലാകളക്ടർ, കൊല്ലം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം ജില്ലാപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), കേരള .
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് .
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്( വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം .
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി2.157/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ